**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 125** — **10-06-2024 - ൽ മറുപടിയ്ക്ക്**

**വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് മനുഷ്യക്കടത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് മനുഷ്യ കടത്ത് നടത്തുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് വട്ടിയൂർക്കാവ് പോലീസ്<br><br>സ്റ്റേഷനിൽ ഒരു കേസും നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിൽ അഞ്ച്<br><br>കേസുകളും ഉൾപ്പെടെ സംസ്ഥാനത്ത് ആറ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>കേസുകളുടെ വിവരം താഴെ പറയുന്നു.<br><br>1. വട്ടിയൂർക്കാവ് പി.എസ് ക്രൈം നം. 266/2023 U/s370,420 IPC & 10, 24 of emigration act.<br><br>2, നെടുമ്പാശ്ശേരി പി.എസ് ക്രൈം നം. 300/22 U/s 370, 465, 471, 34 IPC<br><br>3. നെടുമ്പാശ്ശേരി പി.എസ് ക്രൈം നം.302/22, U/s 370, 465, 468, 471, 34 IPC<br><br>4. നെടുമ്പാശ്ശേരി പി.എസ് ക്രൈം നം. 304/22, U/s 370, 465, 468, 471, 34 IPC<br><br>5. നെടുമ്പാശ്ശേരി പി.എസ് ക്രൈം നം.. 696/22, U/s 370, 420 IPC<br><br>6. നെടുമ്പാശ്ശേരി പി.എസ് ക്രൈം നം.544/24 U/s 370, 34 IPC AND 19(a)(b)(c) of Transplantation of Human Organs and Tissue Act 1994. |

| | | | |
|---|---|---|---|
| (ബി) | ഇത് തടയുന്നതിനായി സംസ്ഥാനസർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; വിശദമാക്കാമോ; | (ബി) | വിമാനത്താവളങ്ങളുടെ നിയന്ത്രണവും സുരക്ഷയും വിദേശത്തേക്ക് യാത്ര അനുവദിക്കുന്നതും കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകളാണ്. ട്രാവൽ ഏജൻസികളു മനുഷ്യ വിഭവശേഷി കൺസൾട്ടിംഗ് സ്ഥാപനങ്ങളും നിയമവിധേയമായാണോ പ്രവർത്തിക്കുന്നത് എന്ന് പരിശോധന നടത്താറുള്ളതും അപാകതകൾ കണ്ടെത്തിയാൽ കർശന നിയമനടപടികൾ സ്വീകരിക്കാറുമുണ്ട്. |
| (സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇക്കാര്യത്തിലുള്ള അന്വേഷണപുരോഗതി വിശദമാക്കാമോ; | (സി) | തിരുവനന്തപുരം സിറ്റി പോലീസ് ജില്ലയിൽ ഒരു കേസും എറണാകുളം റൂറൽ പോലീസ് ജില്ലയിൽ അഞ്ച് കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്വേഷണം നടന്നു വരുന്നു |
| (ഡി) | മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് വിദേശത്ത് കുടുങ്ങി പോയവരെ തിരികെ എത്തിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് വിദേശത്ത് കുടുങ്ങി പോയവരെ തിരികെ<br><br>എത്തിക്കുന്നതിനായി അതാത് രാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകളുമായി ബന്ധപ്പെട്ട് കേരളീയ പ്രവാസികാര്യ വകുപ്പ് ഫലപ്രദമായി നടപടി സ്വീകരിച്ചു വരുന്നു. പ്രവാസി സംഘടനകൾ, ലോകകേരള സഭ അംഗങ്ങൾ തുടങ്ങിയവരുടെ സേവനങ്ങളും ഉറപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ